4 (*154) ഹൃദ്രോഗ പരിശോധനയ്ക്കുള്ള സംവിധാനം

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എളമരം കരീം :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഹൃദ്രോഗ പരിശോധനയ്ക്കും ചികിൽസയ്ക്കുമായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹൃദ്രോഗ പരിശോധനയ്ക്കും ചികിൽസയ്ക്കുമായി ഇന്നുള്ള സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രികളിലെ ഹൃദ്രോഗ പരിശോധനയ്ക്കും ചികിൽസയ്ക്കും നിശ്ചയിച്ചിരിക്കുന്ന ഫീസ് കുറയ്ക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ പരിശോധനയ്ക്കും ചികിൽസയ്ക്കുമാണ് ഫീസ് കുറയ്ക്കാൻ ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(എഫ്) വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) കാർഡിയോളജി : തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ട്രെഡ്മിൽ ടെസ്റ്റിംഗ്, ഹോൾട്ടർ മോണിറ്ററിംഗ്, കളർ ഡോപ്ളർ, എക്കോ കാർഡിയോഗ്രാഫ്, കാർഡിയോ കാത്ത്ലാബ് എന്നീ ആധുനിക പരിശോധന സംവിധാനങ്ങളും അവ ഉപയോഗിച്ചുള്ള ചികിൽസാ സമ്പ്രദായങ്ങളും നിലവിലുണ്ട്. കാർഡിയാക് കാത്ത്ലാബ് വന്നതോടെ കൊറോണറി ആൻജിയോ പ്ളാസ്റ്റി, കോറോണറി സ്റ്റെന്റിംഗ്, പെരിഫറൽ ആൻജിയോ പ്ളാസ്റ്റി, ബലൂൺ വാൽവുലോ പ്ളാസ്റ്റി, കോയിൽ ഇംപ്ളാന്റേഷൻ എന്നീ ആധുനിക ചികിൽസകൾ രണ്ടു മെഡിക്കൽ കോളേജുകളിലും ചെയ്യുന്നുണ്ട്. ഇതിനു പുറമേ പേസ് മേക്കർ ചികിൽസയും ചെയ്യുന്നുണ്ട്.

കാർഡിയാക് സർജറി : കോറോണറി ബൈപാസ് സർജറി, സിംഗിൾ ആന്റ് ഡബിൾ വാൽവ് റീപ്ളേസ്മെന്റ്, ജന്മനായുള്ള ഹൃദ്രോഗത്തിനുള്ള ചികിൽസ എന്നിവയും മൈട്രൽ വാൽവോട്ടമി, പേറ്റർഡക്റ്റസ്, ആർട്ടീരിയോസസ് എന്നിവയും ഇരു മെഡിക്കൽ കോളേജുകളിലും ചെയ്യുന്നുണ്ട്. ആഴ്ചയിൽ 8 മുതൽ 10 വരെ എന്ന കണക്കിൽ ഓപ്പൺ ഹാർട്ട് സർജറിയും 3-4 എന്ന കണക്കിന് മറ്റു ഹൃദയ ശസ്ത്രക്രിയകളും ചെയ്യുന്നുണ്ട്.

(ബി) & (സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 10 കിടക്കകളുള്ള ഇന്റൻസീവ് കെയർ യൂണിറ്റ് ആധുനിക സജ്ജീകരണങ്ങളോടും വേണ്ടത്ര സ്റ്റാഫിനെ ഉൾപ്പെടുത്തിയും പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇപ്പോൾ നിലവിലുള്ള 16 കിടക്കകളുള്ള കോറോണറി കെയർ യൂണിറ്റിന് പുറമേയാണിത്. കോഴിക്കോട് മെഡിക്കൽ കോളേജിലും ഇതുപോലുള്ള സംവി

LIBRARY ARCHIVES Kerala Legislative Assembly

ധാനം ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇന്നലെ ഈ സംവിധാനം തുടങ്ങിക്കഴിഞ്ഞു. കെ.എച്ച്. ആർ. ഡബ്ല്യൂ. എസ്. ആണ് ഇത് ചെയ്യുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 75 ലക്ഷം രൂപ മുടക്കി ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി എക്കോ കാർഡിയോഗ്രാഫി സർവീസ് അപ്ഗ്രേഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിലേയ്ക്കായി ഏറ്റവും ആധുനികമായ ഒരു മെയിൻ എക്കോ സിസ്റ്റവും അതോടൊപ്പംതന്നെ ഒരു മൊബൈൽ എക്കോയും വാങ്ങാനുള്ള ഓർഡർ കൊടുത്തുകഴിഞ്ഞു. ഒരു മാസത്തിനകം ഇത് സ്ഥാപിക്കാൻ കഴിയും. ട്രാൻസ് ഈസോഫാഗൽ എക്കോ കാർഡിയോഗ്രാം എന്ന പുതിയ പരിശോധനാ സംവിധാനം ഇതുമൂലം സാധ്യമാകും. കോഴിക്കോട് മെഡിക്കൽ കോളേജിലും ഇതുപോലെ ഒരു എക്കോ മെഷീൻ വാങ്ങുവാൻ കെ.എച്ച്. ആർ.ഡബ്ല്യൂ.എസ്.ന്റെ അഭിമുഖ്യത്തിൽ നടപടിയെടുത്തുവരുന്നു. കെ.എച്ച്. ആർ.ഡബ്ളിയു.എസ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ബഹുനിലക്കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. അതിൽ ഒരു നില ഹൃദയശസ്ത്രക്രിയാ വിഭാഗത്തിനുവേണ്ടി നീക്കിവയ്ക്കാനാണ് ഉദ്ദേശം.

(ഡി) ഹൃദ്രോഗ പരിശോധനയ്ക്കും ചികിൽസക്കുമുള്ള ഫീസ് 1.4.1999 മുതൽ കുറച്ചിട്ടുണ്ട്.

(ഇ)&(എഫ്) കൊറോണറി ആൻജിയോഗ്രാഫിന്റെ ഫീസ് 10,000 രൂപയിൽനിന്നും 6,000 രൂപയായും ആർ.റ്റി. ആന്റ് എൽ.റ്റി ഹാർട്ട് കാത്തറൈസേഷന്റെ ഫീസ് 10,000 രൂപയിൽനിന്ന് 5,000 രൂപയായും ആർ.റ്റി. ആന്റ് എൽ.റ്റി കാത്ത് ആന്റ് ബി.എ.ജി യുടെ ഫീസ് 10,000 രൂപയിൽനിന്ന് 7500 രൂപയായും ആർ.റ്റി ഹാർട്ട് കാത്ത് ആന്റ് ബി.എ.ജി. യുടെ ഫീസ് 10,000 രൂപയിൽനിന്നും 7,500 രൂപയായും ബി.എം. വി. യുടെ ഫീസ് 70000 രൂപയിൽനിന്ന് 25,000 രൂപയായും പി.റ്റി.ബി.എ യുടെ ഫീസ് 50,000 രൂപയിൽ നിന്ന് 20,000 രൂപയായും (അധികം ബലൂണിന്റെ വില) കുറവ് ചെയ്തിട്ടുണ്ട്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, ഹൃദ്രോഗ ചികിൽസ ഇന്ന് ഏറെ പണച്ചെലവുള്ള ഒന്നായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ രണ്ടു മെഡിക്കൽ കോളേജുകളിൽ ഈ സംവിധാനം കൊണ്ടുവന്നത് വളരെ നന്നായിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലുംകൂടി ഈ സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികൾ എന്തെങ്കിലും ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, ഇതിന്റെ സ്ഥാപനംതന്നെ 1998 മുതലാണ് പ്രവർത്തിച്ചുതുടങ്ങിയത്. ഈ രണ്ടു മെഡിക്കൽ കോളേജുകളിൽപ്പോലും എല്ലാം പൂർത്തിയായിട്ടില്ല. അതിൽ എച്ച്.ഡി.സി.ക്ക് ഗവൺമെന്റ് ഗ്യാരന്റിനിന്ന് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ബാങ്കിൽനിന്നും കടം എടുത്താണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. സൗജന്യ ചികിൽസ ആവശ്യമുള്ള പാവപ്പെട്ട രോഗികൾക്കു വേണ്ടി മറ്റൊരു സൊസൈറ്റി ഉണ്ടാക്കികൊണ്ട്, 25,000 രൂപ വീതം അവർക്കു സഹായം നൽകാനായി 3 കോടി രൂപ ഇതിനകം സൊസൈറ്റി സ്വരൂപിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനുള്ള നടപടികൾ നടക്കുകയാണ്. ഇത് രണ്ടും പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റു മെഡിക്കൽ കോളേജുകളിലും ഈ സൗകര്യം തുടങ്ങാം. എന്നാൽ കോട്ടയം മെഡിക്കൽ കോളേജിൽ ഇപ്പോൾത്തന്നെ ചില സംവിധാനങ്ങൾ ഉണ്ട്. ശസ്ത്രക്രിയ നടത്താറുണ്ട്. മറ്റു മെഡിക്കൽ കോളേജുകളിലും ഘട്ടം ഘട്ടമായി ഇത്തരം നടപടി തുടങ്ങാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly